Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

24th October 2015

## ഇടുക്കി ജില്ലാ പൊതു നിരീക്ഷകൻ

തദ്ദേശ ഭരണ തിരഞ്ഞെടുപ്പിൽ ഇടുക്കി ജില്ലയുടെ പൊതു നിരീക്ഷകനായി മൂന്നാർ ഫോറസ്റ്റ് ഡിവിഷണൽ ഓഫീസർ കെ.ആർ.സാബുവിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നാമനിർദ്ദേശം ചെയ്തു. ജില്ലയിലെ തിരഞ്ഞെടുപ്പ് സംബന്ധമായ പരാതികൾ നിരീക്ഷകന്റെ 9447979045 എന്ന നമ്പരിൽ അറിയിക്കാവുന്നതാണ്.

*(എസ്.ഇ.സി. 129/2015)*

## മൈക്ക് ഓർഡറിനുള്ള ഫീസ് സ്വീകരിക്കാൻ നിർദ്ദേശം

മൈക്ക് ഓർഡർ എടുക്കുന്നതിനുള്ള ഫീസ് അവധി ദിവസങ്ങളിൽ ട്രഷറിയിൽ ഒടുക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത അനുമതി നൽകുന്നതിന് അധികാരമുള്ള ഉദ്യോഗസ്ഥൻ ഫീസ് കൈപ്പറ്റി ടി.ആർ.5 ഫാറത്തിൽ അടുത്ത പ്രവർത്തി ദിവസം ട്രഷറിയിൽ ഒടുക്കേണ്ടതാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു.

*(എസ്.ഇ.സി. 130/2015)*

## പൊതു തിരഞ്ഞെടുപ്പിൽ സമ്മതിദായകർക്കുള്ള തിരിച്ചറിയൽ രേഖകളുടെ ഉത്തരവ് പുറപ്പെടുവിച്ചു

നവംബർ രണ്ട്, അഞ്ച് തീയതികളിൽ നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു തിരഞ്ഞെടുപ്പിൽ പോളിംഗ് സ്റ്റേഷനിലേക്ക് ഓരോ സമ്മതിദായകരും പ്രവേശിക്കുമ്പോഴും പ്രിസൈഡിംഗ് ഓഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻകാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസം മുമ്പ് വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് ഇവയിലേതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിട്ടു.

*(എസ്.ഇ.സി.131 /2015)*